No. ITS/2011/03/1262 (1)

STATE PROJECT OFFICE
**IT @ SCHOOL PROJECT**
*(IT project under directorate of public instruction)*
POOJAPURA P.O
THIRUVANANTHAPURAM-12
Ph: 0471-2529800 fax: 0471-2529810
E-mail : contact@itschool.gov.in

**തീയതി : 10.03.2011**

## <u>സർക്കുലർ</u>

**വിഷയം :- ഐ.ടി@സ്കൂൾ പ്രോജക്ട് - 2011-12-ലെ ഐസിടി പരിശീലനം സംബന്ധിച്ച്**

**സൂചന:- NEP(3)/15266/2011 dated 09.03.2011 of the DPI**

2010-11-ലെ എട്ടാം ക്ലാസിലെ ഐസിടി പാഠപുസ്തകത്തിന്റെ തുടർച്ചയായാണ് ഒമ്പതാം ക്ലാസിലെ ഐസിടി പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. വിവിധ വിഷയങ്ങൾ ഐസിടി അധിഷ്ഠിതമായി ഫലപ്രദമായി വിനിമയം ചെയ്യുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇത് നടപ്പാകണമെങ്കിൽ കൃത്യവും സമഗ്രവുമായ അധ്യാപക പരിശീലനം ആവശ്യമാണ്.

രണ്ടു വിധത്തിലുള്ള പരിശീലനമാണ് നടക്കേണ്ടത്.

- അടിസ്ഥാന ലിനക്സ് പരിശീലനം ലഭിച്ചവർക്കു 6 ദിവസത്തെ പരിശിലനം
- 5 ദിവസത്തെ അടിസ്ഥാന ലിനക്സ് പരിശീലനം

2011-12 വർഷം ഒമ്പതാം ക്ലാസ്സിൽ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ നിയോഗിക്കപ്പെടുന്ന അധ്യാപകരെ ലക്ഷ്യം വച്ചുകൊണ്ടാണ് പരിശീലനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അടിസ്ഥാന ലിനക്സ് പരിശീലനം ലഭിച്ചവരെയാണ് ആദ്യ ഘട്ടത്തിൽ പരിശീലനത്തിന് ഉൾപ്പെടുന്നത്. അതോടൊപ്പം സമാന്തരമായി അടിസ്ഥാന ലിനക്സ് പരിശീലനം ലഭിക്കാത്തവർക്കുള്ള പരിശീലനവും നടക്കണം.

പരിശീലനം കാര്യക്ഷമമാകണമെങ്കിൽ കൃത്യവും വസ്തുനിഷ്ഠവുമായ ആസൂത്രണം ജില്ലകളിൽ നടക്കേണ്ടതുണ്ട്. അതിനാവശ്യമായ വിവരങ്ങൾ സ്കൂളുകളിൽ നിന്നും ശേഖരിക്കുന്നതിനായി താഴെക്കൊടുത്തിരിക്കുന്ന വെബ് വിലാസമുപയോഗിച്ച് സ്കൂളുകൾ വിവരങ്ങൾ അപ് ലോഡ്ചെയ്യേണ്ടതാണ്.

**<u>http://ict.itschool.gov.in/training management/index.php</u>**

എല്ലാ സ്കൂളുകളും വിവരങ്ങൾ ഏപ്രിൽ 5-നകം രേഖപ്പെടുത്തി എന്ന് ഉറപ്പു വരുത്തേണ്ടതും ജില്ലാതലത്തിൽ ക്രോഡീകരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധമായി നൽകിയിട്ടുള്ള ഫോർമാറ്റിൽ തയ്യാറാക്കിയ പരിശീലന ഷെഡ്യൂൾ ഏപ്രിൽ 10-നകം സ്റ്റേറ്റ്പ്രോജക്ടാഫീസിൽ എത്തിക്കേണ്ടതുമാണ്.

സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനം മാർച്ച് 26 മുതൽ 29 വരെയും ജില്ലാ റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനം ഏപ്രിൽ 20-നകവും

പൂർത്തിയാക്കേണ്ടതാണ്. ആറ് ദിവസം നീണ്ടുനിൽക്കുന്ന അധ്യാപക പരിശീലനം ഏപ്രിൽ 25 മുതൽ ആരംഭിക്കേണ്ടതാണ്.

ജില്ലാതല റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനത്തിന് ഒരു ജില്ലയിൽ നിന്നും മാസ്റ്റർ ട്രെയിനർമാർ ഉൾപ്പെടെ 25 പേർക്കെങ്കിലും പരിശീലനം നൽകേണ്ടതാണ്.

ഈ വർഷം (2011-12) ഒമ്പതാം ക്ലാസിൽ നിയോഗിക്കപ്പെടുന്ന എല്ലാ അധ്യാപകർക്കും ജൂണിന് മുമ്പ് പരിശീലനം നൽകി എന്ന് ജില്ലാ കോർഡിനേറ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടറുടെ അറിവിലേക്ക്
എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ/
മാസ്റ്റർ ട്രെയിനർമാർക്കും

## Annexure - 1
## Consolidated Details of Training Proposed

**Name of District :**

| Sl. No. | Educational Dist. | Total No. of HSA's | ICT Training - 6 Days | | | Basic Linux Training - 5 Days | | |
|---|---|---|---|---|---|---|---|---|
| | | | Number of Teachers proposed | Number of Batches proposed | Number of Centres proposed | Number of Teachers remaining | Number of Batches proposed | Number of Centres proposed |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| | **Total** | | | | | | | |

**Signature of District Co-ordinator**